# കരുതലിന്റെ ഒരു പൂട്ട്കാലം

ആകാശത്തിൽ നിന്നും ഉത്ഭവിക്കുന്ന ഉൽക്കപോലെ അത്രയേറെ തീവ്രമായ ശക്തിയോടു കൂടിയാണ് ഈ കൊറോണ എന്ന മഹാമാരി പടർന്നത്. മനുഷ്യൻറെ അഹന്തയെ തന്നെ തുടച്ചുനീക്കാനാണ് അത് ഇത്തരത്തിൽ ഭീതി പടർത്തുന്നത് .വലിയൊരു കാട്ടുതീപോലെ ആ മഹാമാരി അറിയാതെ പോലും നമ്മുടെ സമൂഹമാകെ പടരുകയാണ്. അതിൻറെ തീവ്രമായ ശക്തിയാൽ എത്രയോപേർ മണ്ണടിഞ്ഞു സർക്കാറിന്റെയും മറ്റു സന്നദ്ധ-സേവകരുടെയും നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ബോധമുള്ളവർ സാമൂഹിക വ്യാപനം എന്ന അത്യാപത്തിൽ നിന്നും സാമൂഹിക അകലം പ്രാപിച്ചുകൊണ്ട് വീടുകളിൽ കഴിയുകയാണ്. എന്നാൽ പലരും സർക്കാർ നിർദ്ദേശത്തെ അവഗണിച്ച് ,ഈ ദുരന്തത്തെ പറ്റി യാതൊരു അറിവുമില്ലാതെ സാമൂഹ്യ വ്യാപനം നടത്തുകയും ചെയ്യുന്നു.ലോകമെമ്പാടും ഈ മഹാമാരി പടർന്നപ്പോഴും പല വികസിത രാജ്യങ്ങളും അതിനെ തടയാനാവാതെ മനുഷ്യജീവനുകൾ വെടിഞ്ഞു കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ. വികസ്വര രാജ്യമായ നമ്മുടെ ഇന്ത്യ ഇതിനെ വെല്ലുവിളിക്കുകയാണ്.കേരളം അതിന് മുൻകൈയെടുത്ത് ഈ മഹാമാരിയെ തുടച്ചു നീക്കുകയാണ് .അതോടൊപ്പം ഈ കൊച്ചു നാട്ടിലെ സാധാരണ മനുഷ്യർ ഇതിനെതിരെ പോരാടുകയാണ്.
നാം ശ്രീബുദ്ധന്റെ പഞ്ചശുദ്ധിയും അതിനെ അത്യധികം ലളിതമായി മലയാളിക്ക് വിവരിച്ചുതന്ന ശ്രീനാരായണഗുരുവിന്റെ വാക്കുകളും ഈ കാലഘട്ടത്തിൽ ആചരിച്ച്, അനുസരിച്ച് പോവുകയാണ്.ശുദ്ധി അടുക്കളയിൽ നിന്നും തുടങ്ങണമെന്നും അനാവശ്യമായി കൈകൾ  വായിലും മുഖത്തും തുടരുതെന്നും രണ്ടു നേരവും വസ്ത്രങ്ങൾ മാറ്റി ശരീരം ശുദ്ധിയാക്കണം എന്നും നമുക്ക് ഗുരു പറഞ്ഞുതന്നതും ഇത്തരത്തിലെ വിപത്തുകളെ  മുന്നിൽ കണ്ടുകൊണ്ടാണ്.
ഇതുവരെ ഞാൻ പറഞ്ഞതെല്ലാം നടന്നുകൊണ്ടിരിക്കുന്ന ഈ മഹാമാരിയെ പറ്റിയാണ്.ഇനി ഞാൻ എൻറെ ജീവിതത്തിൽ ഉണ്ടായ ഏറ്റവും ദുഃഖകരമായ സംഭവത്തെപ്പറ്റിപറയാം.

മൂന്ന് വർഷങ്ങൾക്കുശേഷം ഞാൻ വീട്ടിലേക്ക് വരുകയാണ് ആധുനിക സൗകര്യങ്ങളുടെ പിടിയിലകപ്പെടാത്ത ഒരു കൊച്ചു ഗ്രാമം, സർക്കാർ ജീവനക്കാരായ മാതാപിതാക്കൾ ആറാം ക്ലാസിൽ പഠിക്കുന്ന ഒരു കൊച്ചനുജത്തി. ഇവരെല്ലാവരും എൻറെ വരവിനായി ഏറെനാളായി കാത്തിരിക്കുകയാണ് .

എന്നാൽ ഈ മഹാമാരി പടർന്നതോടെ എല്ലാം ഇല്ലാതായി വളരെയധികം സന്തോഷത്തോടു കൂടി എന്നെ വിമാനത്താവളത്തിൽ എത്തിച്ചവർ വരുമോ എന്നാണ് എൻറെ പ്രതീക്ഷ ഇല്ലാണ്ടായി .നാട്ടിലേക്ക് പുറപ്പെടുന്നതിനു രണ്ടുദിവസം മുമ്പ് അമ്മ വിളിച്ചിരുന്നു വളരെയധികം ദുഃഖത്തോടെ അവർ എന്നോട് പറഞ്ഞു.
ആമി  മൊള് എയർപോർട്ടിൽ എത്തിയാൽ വിളിക്കണം  അമ്മയും അച്ഛനും വിളിക്കാൻ വരില്ല കാരണം ഞങ്ങളെ അങ്ങോട്ട് കടത്തിവിടില്ല എയർപോർട്ടിലെ ടാക്സി കാറിൽ വരണം .വിങ്ങിപ്പൊട്ടിയ മനസ്സോടെ ഞാൻ ഫോൺ വെച്ചു . എൻറെ മനസ്സിൽ നിസ്സഹായതയുടെ മുളകൾ ആഴത്തിൽ ഇറങ്ങി .എൻറെ മനസ്സിൻറെ ഉള്ളിലെസങ്കടം അവർ തിരിച്ചറിഞ്ഞിട്ടുമുണ്ടാകും കാരണം അമ്മ സംസാരിക്കുമ്പോൾ അമ്മയുടെ .ശബ്ദമിടറിയിട്ട് ഉണ്ടായിരുന്നു .ഞാൻ നാട്ടിലെ വിമാനത്താവളത്തിലെത്തി എന്നാൽ

മുഖ്യകവാടത്തിൽ എത്തുന്നതുവരെ എന്നെ ഏതോ ഒരു ജീവിയെനോക്കും പോലെ വീക്ഷിക്കുകയാണ് പലരും . പിന്നീട് അവർഎനിക്ക് മുഖംമുടിയും , അണുവിമുക്ത ലായനിയും ,തന്നു.
അതുവരെ എൻറെ മനസ്സിൽ തിങ്ങിനിന്ന ഭീതി എങ്ങോ മാഞ്ഞു പോയിരുന്നു .പെട്ടെന്ന് എൻറെ ദൃഷ്ടി അവരുടെകഴുത്തിൽഅണിഞ്ഞിരുന്ന കാർഡിലേക്ക് പതിഞ്ഞു.ഇത്രയും നേരം എന്നെ വീക്ഷിച്ചതും എനിക്ക് ആവശ്യമായസാധനങ്ങൾനൽകിയതുംഎല്ലാംആരോഗ്യവകുപ്പിലെഉദ്യോ-സ്ഥരായിരുന്നു . വീട്ടിലെത്തിയഞാൻ വളരെയധികംസന്തോഷത്തോടുകൂടി കാറിൻറെ ഡോർതുറക്കുകയും പുറത്തുനിന്ന് അമ്മ ആംഗ്യം കാട്ടി കൊണ്ട് പറഞ്ഞു .നിൽക്ക് മോള്  കുറച്ചുദിവസം ഔട്ട് ഹൗസിൽ താമസിച്ചാൽ മതി .ആ വാക്ക് എന്നെ വളരെയധികം വേദനിപ്പിച്ചു .എന്നാലും ഞാൻ എൻറെ മനസ്സിനെ ശാന്തമാക്കി കൊണ്ട് ഡ്രൈവറോട് പറഞ്ഞു കുറച്ചു കൂടെ പോകട്ടെ ,ആ കാണുന്ന വീടിനുമുമ്പിൽ നിർത്തിയാൽ മതി .അയാൾ വണ്ടി ഹൗസിന് നേരെ ഓടിച്ചു .ഞാൻ പുറത്തിറങ്ങി എൻറെ ലഗേജുകൾ എല്ലാം വീടിനുള്ളിലേക്ക് കൊണ്ടുവെച്ചു .ആ വിശാലമായ വീട് എൻറെ വരവിനായി കാത്തിരിക്കുന്ന വിധത്തിൽ സജ്ജീകരിച്ചിരിക്കുകയാണ് .എനിക്ക് ആവശ്യമായ സാധനസാമഗ്രികളാൽ ആലംഭിച്ചിരിക്കുന്ന മുറികൾ ഞാൻ എൻറെ ബാഗുകൾ കൊണ്ട് വച്ചിട്ട് തിരികെ വന്നു .ഡ്രൈവർക്ക് ടാക്സി ഫീസ് നൽകി .അപ്പോൾ അദ്ദേഹം എൻറെ  കയ്യിലേക്ക് ഒരു കടലാസ് തന്നു .ബ്രേക്ക്   ദാ  ചെയിൻ എന്നായിരുന്നു അതിൽ എഴുതിയ വാചകം .റൂമിൽ നിറയെ മാസ്കും അണുവിമുക്ത ലായനിയും കണ്ട് ഞാൻ ഒരു നിമിഷം നമ്മുടെ നാടിനെ പറ്റി ചിന്തിച്ചു .പ്രളയത്തെയും,നിപ്പയും,  അതിജീവിച്ച് നാം ഈ മഹാമാരിയേയും കേരള മണ്ണിൽ നിന്നും തുടച്ചുനീക്കും .

പിന്നീടുള്ള ദിവസങ്ങൾ വളരെയധികം ശോചനീയമായിരുന്നു എങ്കിലും കുറച്ചു നേരത്തെ സമയം ലാഭത്തിനുവേണ്ടി ഞാൻ വീട്ടുമുറ്റത്ത് പച്ചക്കറികൾ നടാൻ ആരംഭിച്ചു .ഈ നേരം ആ പഴയ വീടിൻറെ പരിസരമാകെ ഞാൻ പച്ചക്കറികൾ നട്ടു പിടിപ്പിച്ചു .അതോടൊപ്പം മതിലിന് അരികിൽനിന്ന ചെമ്പരത്തിയും ,വാടാമുല്ലയും ,ഞാൻ വീട്ടുമുറ്റത്തേക്ക് പറിച്ചുനട്ടു ഇത് ദൂരെ നിന്ന് വീക്ഷിച്ചു കൊണ്ടിരുന്ന അമ്മയും അച്ഛനും അതുപോലെ തന്നെ അവരുടെ  വീടിൻറെ പരിസരമാകെനട്ടു.

ദിവസങ്ങൾ കഴിയുന്തോറും എൻറെ ഫോണിലേക്ക് വരുന്ന കോളുകളുടെ എണ്ണം കൂടി ,ആരോഗ്യപ്രവർത്തകർ എന്നെ മാറി മാറി വിളിച്ചു അവർ ചോദിക്കുന്ന ഓരോ ചോദ്യവും എൻറെ ഫോണിൽ സേവ് ചെയ്യുന്നതിനുമുപരി എൻറെ മനസ്സിൽ സേവ് ചെയ്തു .ഈ കാലത്ത് നമ്മെ ദൈവത്തിൽ ഉപരി കാത്തുസൂക്ഷിക്കുന്ന പോലീസ് മേധാവികളെ ഞാൻ മനസ്സിൽ ഓർത്തു .അതിനെക്കാളുപരിനമ്മുടെ പഴമക്കാർപറഞ്ഞുതന്നവാക്കുകളിലേ_ക്ക് നടന്നു .കെട്ടിപിടിക്കലും ഉമ്മവെക്കലും ഒന്നും അല്ല പരസ്പരം നമസ്തേ പറയുകയാണ്ചെയ്യേണ്ടത് .
ഈ തലമുറ എന്തെ ഇത്തരത്തിൽ നമ്മുടെ ചിന്തയെ വേർതിരിച്ചു .

ഇത്രയേറെനമ്മെനിയന്ത്രിച്ചുകൊണ്ട് ഈ മഹാമാരി പടരുമ്പോൾ. ആധുനികസമൂഹത്തിൽനടന്നുകൊണ്ടിരിക്കുന്ന മനുഷ്യൻറെ ഭ്രാന്ത് ചിന്തയെ തുടച്ചുനീക്കി കൊണ്ട് പൂർവ്വീകരുടെ വാക്കുകൾ ഉൾക്കൊണ്ടാണ്  നാം ഇന്ന് ഓരോ വീടുകളിലും ജീവിക്കുന്നത

.ഇൻറർനെറ്റിൻെറ്റും,മറ്റ് ആധുനിക
സൗകര്യങ്ങളും മനുഷ്യന്റെ ബുദ്ധിയെ
കരിയിച്ചു കളയുന്ന സാഹചര്യത്തിൽ
.ഈ കാലം ഏറെക്കുറെ മനുഷ്യർ തന്റെ സ്വബോധത്തെ ഉന്മൂലനം ചെയ്തു ആധുനിക സമൂഹത്തിന്റെ ഭ്രാന്തമായതിരക്കിൽ ഓടാത്തവർ.കൃഷി ,കൈത്തൊഴിൽ, കലാപരമായ മറ്റു പ്രവർത്തികളുടെപിന്നാലെയാണ്.അതുകൊണ്ട്തന്നെമിഥ്യാബോധത്തിൽ നിന്നും ഇത് പുറത്തുവരികയാണ് .

ഈ പൂട്ടു കാലം നമ്മെ വിട്ട് അകലട്ടെ ,ഇത്തരത്തിൽമാനവരാശി
യെ തകർക്കാൻ ആരും ശ്രമിക്കാതെ ഇരിക്കട്ടെ ,ഭൂമിയായ അമ്മ നമ്മെ
കൈവിടാതെ ഇരിക്കട്ടെ .,
ഞാൻ ഈ ദിവസത്തെയും എൻറെ കിടക്കയുടെ മുകളിൽ അവസാനിപ്പിക്കുകയാണ് .

“വിധിയുടെ ഈ വേനൽ പരീക്ഷ
നമുക്ക് കരുതലോടെ എഴുതാം
അതിനെ ജയിക്കാം ”

.: By
Ameya keerthi.s
9:F